ഇംഗ്ലണ്ടിനെ കിവി കൊത്തി

വെല്ലിംഗ്ടൺ: ട്രാൻസ് -ടാൻസ്മാൻ ത്രിരാഷ്ട്ര ട്വന്റി-20 ടൂർണമെന്റിൽ ന്യൂസിലൻഡ് ഇംഗ്ലണ്ടിനെ 12 റൺസിന് കീഴടക്കി. ആദ്യം ബാറ്റ്ചെയ്ത ന്യൂസിലൻഡ് നിശ്ചിത 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 196 റൺസെടുത്തു. മറുപടിക്കിറങ്ങിയ ഇംഗ്ലണ്ടിന് 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 184 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. അടുത്ത മത്സരത്തിൽ ന്യൂസിലൻഡ് ആസ്ട്രേലിയയെ നേരിടും.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു അഡാറ് നേട്ടം

■ദക്ഷിണാഫ്രിക്കൻ മണ്ണിൽ ആദ്യമായി ഇന്ത്യ ഏകദിന പരമ്പര സ്വന്തമാക്കി
■ഇന്ത്യയുടെ പരമ്പര നേട്ടം അഞ്ചാം ഏകദിനത്തിൽ ദക്ഷിണാഫ്രിക്കയെ 73 റൺസിന് കീഴടക്കി
■രോഹിത് ശർമ്മയ്ക്ക് സെഞ്ച്വറി ■കുൽദീപിന് നാല് വിക്കറ്റ്

പോർട്ട് എലിസബത്ത്: ദക്ഷിണാഫ്രിക്കയിൽ ആദ്യമായി ഏകദിന പരമ്പര സ്വന്തമാക്കി ടീം ഇന്ത്യ പുതിയ ചരിത്രം രചിച്ചു. ഇതുവരെ താളം കണ്ടെത്താനാകാതെ വലയുകയായിരുന്ന ഓപ്പണർ രോഹിത് ശർമ്മ തകർപ്പൻ സെഞ്ച്വറിയുമായി ഫോം വീണ്ടെടുത്ത അഞ്ചാം ഏകദിന ത്തിൽ ദക്ഷിണാഫ്രിക്കയെ 73 റൺസിന് തോൽപ്പിച്ചാണ് ഇന്ത്യ ഏകദിന പരമ്പര തങ്ങളുടെ പേരിൽ എഴുതിച്ചേർത്തത്.

ആദ്യം ബാറ്റ്ചെയ്ത ഇന്ത്യ രോഹിതിന്റെ (115) സെഞ്ച്വറിയുടെ പിൻബലത്തിൽ നിശ്ചിത 50 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 274 റൺസ് നേടി. മറുപടിക്കിറങ്ങിയ ദക്ഷിണാഫ്രിക്ക 42.2 ഓവറിൽ 201 റൺസിന് ആൾഔട്ടാവുകയായിരുന്നു. 4 വിക്കറ്റ് നേടിയ കൽദീപ് യാദവിന്റെയും 2 വിക്കറ്റ് വീതംനേടിയ ഹാർദ്ദിക് പാണ്ഡ്യയുടെയും യുസ്‌വേന്ദ്ര ചഹലിന്റെയും ബൗളിംഗാ ഇന്ത്യൻ വിജയത്തിൽ നിർണായകമായി. ഒരു മത്സരം കൂടി ബാക്കിനിൽക്കേ 4 -1 ന്റെ ലീഡ് നേടിയാണ് കൊഹ്‌ലിയും കൂട്ടരും ദക്ഷിണാഫ്രിക്കയിൽ ഏകദിന പരമ്പര വിജയം നേടുന്ന ആദ്യ ഇന്ത്യൻ സംഘമായത്.

ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ഇന്ത്യ നിശ്ചിത 50 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 274 റൺസ് നേടി. 115 റൺസുമായി പുറത്തായ രോഹിത് ശർമ്മയാണ് ഇന്ത്യയെ 274ൽ എത്തിച്ചത്. ഒരു ഘട്ടത്തിൽ ഇന്ത്യൻ സ്കോർ 300 ഉം കടന്ന് പറക്കുമെന്ന് കരുതിയെങ്കിലും അവസരോചിതമായി പന്തെറിഞ്ഞ ദക്ഷിണാഫ്രിക്കൻ യുവതാരം ലുങ്കി എൻഗിഡി സന്ദർശകരുടെ കുതിപ്പിന് കടിഞ്ഞാണിടുകയായിരുന്നു. എൻഗിഡി 4 വിക്കറ്റ് വീഴ്ത്തി. രോഹിതിനൊഴികെ മറ്റിന്ത്യൻ ബാറ്റ്സ്മാൻമാർക്ക് ആർക്കും മികച്ചസ്കോർ കണ്ടെത്താൻ കഴിഞ്ഞില്ല.

ശിഖർ ധവാൻ (34), വിരാട് കൊഹ്‌ലി (36), ശ്രേയസ് അയ്യർ (30) എന്നിവരാണ് ഭേദപ്പെട്ട പ്രകടനം കാഴ്ചവച്ച മറ്റിന്ത്യൻ ബാറ്റ്സ്മാൻമാർ. കൊഹ്‌ലിയും രഹാനെയും (8) രോഹിതുമായുള്ള ആശയക്കുഴപ്പം മൂലം റണ്ണൗട്ടാവുകയായിരുന്നു. പരമ്പര വിജയം ലക്ഷ്യമിട്ടിറങ്ങിയ ഇന്ത്യയ്ക്കായി ധവാനും രോഹിതും ചേർന്ന് താരതമ്യേന നല്ല തുടക്കമാണ് നൽകിയത്. ഇരുവരും 7.2 ഓവറിൽ 48 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കി. ആക്രമിച്ച് കളിച്ച ധവാന്റെ വിക്കറ്റാണ് ഇന്ത്യയ്ക്ക് ആദ്യം നഷ്ടമായത്. 23 പന്തിൽ 8 ഫോറുൾപ്പെടെ 34 റൺസെടുത്ത ധവാനെ പെഹ്‌ലുക്വായോയുടെ കൈയിൽ എത്തിച്ച് റബാഡയാണ് കൂട്ടുകെട്ട് പൊളിച്ചത്. മൂന്നാമനായെത്തിയ നായകൻ കൊഹ്‌ലി ശ്രദ്ധയോടെ തുടങ്ങിയെങ്കിലും റണ്ണൗട്ടായി മടങ്ങി. മൂന്നാം വിക്കറ്റിൽ രോഹിതിനൊപ്പം 105 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കിയ ശേഷമാണ് കൊഹ്‌ലി മടങ്ങിയത്. തുടർന്നെത്തിയ രഹാനെയും രോഹിതുമായുള്ള ആശയക്കുഴപ്പത്തിൽ റണ്ണൗട്ടായി. പിന്നീടെത്തിയ ശ്രേയസ് അയ്യർ രോഹിതിനൊപ്പം പിടിച്ച് നിന്ന് 60 റൺസിന്റെ കൂട്ടുകെട്ട് പടുത്തുയർത്തി. ഇതിനിടെ രോഹിത് തന്റെ കരിയറിലെ 17-ാം ഏകദിന സെഞ്ച്വറിയും കുറിച്ചു. സെഞ്ച്വറി പൂർത്തിയാക്കി അധികം വൈകാതെ രോഹിത് മടങ്ങി. എൻഗിഡി രോഹിതിനെ വിക്കറ്റ് കീപ്പർ ക്ലാസന്റെ കൈയിൽ എത്തിക്കുകയായിരുന്നു. 126 പന്തിൽ 11 ഫോറും 4 സിക്സും ഉൾപ്പെടുതാണ് രോഹിതിന്റെ സെഞ്ച്വറി ഇന്നിംഗ്സ്. തൊട്ടടുത്ത പന്തിൽ പാണ്ഡ്യയെയും (0) എൻഗിഡി ക്ലാസന്റെ കൈയിൽ എത്തിച്ചതോടെ ഇന്ത്യ പ്രതിസന്ധിയിലായി. അടുത്ത ഓവറിൽ എൻഗിഡി ശ്രേയസിനെയും ക്ലാസ്സന്റെ കൈയിൽ ഒതുക്കിയതോടെ ഇന്ത്യ 6/238 എന്ന നിലയിലായി. എം.എസ്.ധോണിയെ (13) എൻഗിഡി മർക്രത്തിന്റെ കൈയിലാക്കി പറഞ്ഞ് വിട്ടു. 19 റൺസുമായി ഭുവനേശ്വറും, 2 റൺസുമായി കുൽദീപും നോട്ടൗട്ടായി.

മറുപടിക്കിറങ്ങിയ ദക്ഷിണാഫ്രിക്കൻ നിരയിൽ 71 റൺസുമായി പൊരുതി നോക്കിയ ഹഷിം അംലയാണ് ടോപ്സ്കോറർ. മർക്രം (32), മില്ലർ (36), ക്ലാസൻ (39) എന്നിവരും പൊരുതി നോക്കി. എന്നാൽ ഡിവില്ലിയേഴ്സ്(6) ഉൾപ്പെടെയുള്ള മറ്റുള്ളവർ രണ്ടക്കം പോലും കാണാനാകാതെ പോയതോടെ ഇന്ത്യ ഐതിഹാസികജയം സ്വന്തമാക്കുകയായിരുന്നു.

17
-ാമത് ഏകദിന സെഞ്ച്വറിയാണ് രോഹിത് ഇന്നലെ സ്വന്തമാക്കിയത്

40
-റൺസ് മാത്രമായിരുന്നു കഴിഞ്ഞ 4 ഏകദിനങ്ങളിൽ നിന്ന് രോഹിതിന് നേടാനായത്

രോഹിത് ബാറ്റിംഗിനിടെ

വോൺ രാജസ്ഥാന്റെ ഉപദേശകനാകും

ജയ്പൂർ: ആസ്ട്രേലിയൻ സ്പിൻ ഇതിഹാസം ഷെയിൻ വോൺ വിലക്ക് മാറി ഐ.പി.എല്ലിൽ തിരിച്ചെത്തിയ തന്റെ പഴയ ടീം കൂടിയായ രാജസ്ഥാൻ റോയൽസിന്റെ ഉപദേശകനാകും. ഷെയിൻ വോൺ തന്റെ ട്വിറ്റർ അക്കൗണ്ടിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. വോൺ രാജസ്ഥാന് നൽകിയ സംഭാവനകൾ വിലമതിക്കാനാകാത്തതാണെന്നും അദ്ദേഹം തിരിച്ചെത്തുന്നതിനെന്ന വാർത്ത ത്രില്ലടിപ്പിക്കുന്നുവെന്നും രാജസ്ഥാന്റെ സഹ ഉടമ മനോജ് ബദ്‌ലെ പറഞ്ഞു.

2008ൽ ഐ.പി.എല്ലിന്റെ ആദ്യ സീസണിൽ വോണിന്റെ നായകത്വത്തിൻ കീഴിലാണ് രാജസ്ഥാൻ ചാമ്പ്യൻമാരായത്. ആസ്ട്രേലിയൻ നായകൻ സ്റ്റീവൻ സ്മിത്ത് തന്നെയായിരിക്കും ഈ സീസണിൽ രാജസ്ഥാന്റെ നായകൻ എന്നാണ് വാർത്ത.

ദിപ കോമൺവെൽത്തിനില്ല

ന്യൂഡൽഹി: ജിംനാസ്റ്റിക്സിലെ ഇന്ത്യൻ സൂപ്പർ സ്റ്റാർ ദിപ കർമാകർ ഇത്തവണത്തെ കോമൺവെൽത്ത് ഗെയിംസിൽ മത്സരിക്കില്ല. കാൽമുട്ടിനേറ്റ പരിക്ക് ഭേദമാകാത്തതാണ് ദിപയുടെ പിൻമാറ്റത്തിന് കാരണം. ഏപ്രിൽ 4 മുതൽ 15വരെ ഗോൾഡ് കോസ്റ്റിലാണ് ഇത്തവണത്തെ കോമൺവെൽത്ത് ഗെയിംസ് നടക്കുന്നത്.

കോമൺവെൽത്ത് പോലുള്ള വലിയ വേദിയിൽ മത്സരിക്കാനുള്ള ശാരീരിക ശേഷി ദിപ വീണ്ടെടുത്തിട്ടില്ലെന്നും ആഗസ്റ്റിൽ ഇടുങ്ങുന്ന ഏഷ്യൻ ഗെയിംസിൽ അവൾക്ക് മത്സരിക്കാനാകുമെന്നാണ് പ്രതീക്ഷയെന്നും കോച്ച് ബിശ്വേശർ നന്ദി പറഞ്ഞു. കഴിഞ്ഞ ഏപ്രിലിൽ ദിപ ശസ്ത്രക്രിയയ്ക്ക് വിധേയയായിരുന്നു. 2014ലെ ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ വോൾട്ട് ഇനത്തിൽ വെങ്കലം നേടി ചരിത്രം സൃഷ്ടിച്ച ദിപ ഇത്തവണ റിയോ ഒളിമ്പിക്സിൽ ഇതേ ഇനത്തിൽ നാലാം സ്ഥാനത്തെത്തിയിരുന്നു.

ഷീനയ്ക്ക് സ്വർണം

ജക്കാർത്ത: ഏഷ്യൻ ഗെയിംസിനുള്ള യോഗ്യതാ പോരാട്ടമായ ഏഷ്യൻ ഇൻവിറ്റേഷണൽ ചാമ്പ്യൻഷിപ്പിൽ വനിതകളുടെ ടിപ്പിൾ ജമ്പിൽ ഇന്ത്യയുടെ മലയാളി താരം എൻ.വി. ഷീനയ്ക്ക് സ്വർണം.

ഏഷ്യൻ ഗെയിംസ് നടക്കേണ്ട അതേ വേദിയിൽ നടക്കുന്ന മീറ്റിൽ 13.33 മീറ്റർ ചാടിയാണ് ഷീന സ്വർണമണിഞ്ഞത്. എന്നാൽ ഏഷ്യൻ ഗെയിംസിന്റെ യോഗ്യതാ മാർക്കായ 13.90 മീറ്റർ മറികടക്കാൻ താരത്തിനായില്ല. ഷീനയ്ക്ക് പുറമേ പുരുഷ, വനിത 5000 മീറ്ററുകളിൽ യഥാക്രമം ജി. ലക്ഷ്മണം എൽ. സൂര്യയും പൊന്നണിഞ്ഞു.

ഐ.എസ്.എല്ലിൽ ഇന്ന്

നോർത്ത് ഈസ്റ്റ് - ഡൽഹി
രാത്രി 8 മുതൽ

മിതാലി മുത്താണ്

■ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ട്വന്റി-20യിൽ ഇന്ത്യയ്ക്ക് 7 വിക്കറ്റ് ജയം ■മിതാലി രാജ് വിജയശില്പി

പോർട്ട്ചെഫ്സ്ട്രൂം: ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ട്വന്റി-20 പരമ്പരയിലെ ആദ്യ മത്സരത്തിൽ സൂപ്പർതാരം മിതാലി രാജിന്റെ (പുറത്താകാതെ 54) തകർപ്പൻ അർദ്ധ സെഞ്ച്വറിയുടെ പിൻബലത്തിൽ ഇന്ത്യയ്ക്ക് 7 വിക്കറ്റിന്റെ ജയം. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 164 റൺസെടുത്ത ഷോൾ മറുപടിക്കിറങ്ങിയ ഇന്ത്യ ഏഴ് പന്ത് ബാക്കിനിൽക്കെ വിജയലക്ഷ്യത്തിലെത്തുകയായിരുന്നു (168/3, 18.5 ഓവർ). ജയത്തോടെ അഞ്ച് മത്സരങ്ങൾ ഉൾപ്പെട്ട പരമ്പരയിൽ ഇന്ത്യ 1-0ത്തിന് മുന്നിലെത്തി. നേരത്തേ ദക്ഷിണാഫ്രിക്കയ്ക്കെതിരെനടന്നഏകദിനപരമ്പര ഇന്ത്യ 2-1ന് മിതാലിയുടെ നേതൃത്വത്തിൽ സ്വന്തമാക്കിയിരുന്നു.

പോർട്ട്ചെഫ്സ്ട്രൂം വേദിയായ ഒന്നാം ട്വന്റി-20യിൽ ടോസ് നേടിയ ഇന്ത്യൻ ക്യാപ്ടൻ ഹർമ്മൻപ്രീത് കൗർ ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. 38 റൺസെടുത്തക്യാപ്ടൻഡെയ്നിവാൻനെയികെർക്കായിരുന്നു ദക്ഷിണാഫ്രിക്കയുടെ ടോപ്സ്കോറർ. 31 പന്ത് നേരിട്ട് 5 ഫോറും 1 സിക്സും ഉൾപ്പെട്ടതായിരുന്നു നെയികെർക്കിന്റെ ഇന്നിംഗ്സ്. വെറും 7 പന്തിൽ നിന്ന് 4 സിക്സും 2 ഫോറും ഉൾപ്പെടെ പുറത്താകാതെ 32 റൺസെടുത്ത ടിയോണാണ് ദക്ഷിണാഫ്രിക്കയെ ഭേദപ്പെട്ട സ്കോറിൽ എത്തിച്ചത്. . ഇന്ത്യയ്ക്കായി അനുജ പാട്ടീൽ രണ്ട് വിക്കറ്റ് വീഴ്ത്തി.

തുടർന്ന് ബാറ്റിംഗിനിറങ്ങിയ ഇന്ത്യയ്ക്കായി മിതാലിയും സ്മൃതി മന്ദാനയും (15 പന്തിൽ 28) തകർപ്പൻ തുടക്കമാണ് നൽകിയത്. ഇരുവരും 4.4 ഓവറിൽ 47 റൺസ് അടിച്ചെടുത്തു. മന്ദാനയെ വാൻ നികെർക്കിന്റെ കൈയിൽ എത്തിച്ച് ഡാനിയെൽസാണ് കൂട്ടുകെട്ട് പൊളിച്ചത്. പകരമെത്തിയ ഹർമ്മൻ പ്രീത് തൊട്ടടുത്ത പന്തിൽ റണ്ണൗട്ടായി മടങ്ങി. തുടർന്ന് ക്രീസിലെത്തിയ അരങ്ങേറ്റക്കാരി ജമിമ റോഡ്രിഗസ് (27 പന്തിൽ 37) മിതാലിക്ക് മികച്ച പിന്തുണ നൽകിയതോടെ ഇന്ത്യ പ്രതിസന്ധിയിൽ നിന്ന് കരകയറുകയായിരുന്നു. ടീം സ്കോർ 116ൽ വച്ച് ജമിമയെ ദക്ഷിണാഫ്രിക്കൻ ക്യാപ്ടൻ പുറത്താക്കിയെങ്കിലും പിന്നീടെത്തിയ വേദ കൃഷ്ണമൂർത്തി (പുറത്താകാതെ 37) മിതാലിക്കൊപ്പം ഇന്ത്യയെ വിജയതീരത്തെത്തിക്കുകയായിരുന്നു. 3 വീതം ഫോറും സിക്സും ഉൾപ്പെട്ടതായിരുന്നു വേദയുടെ ഇന്നിംഗ്സ്. 48 പന്ത് നേരിട്ട് 1 സിക്സും 6 ഫോറും ഉൾപ്പെടെയാണ് മിതാലി അർദ്ധ സെഞ്ച്വറിയുമായി ഇന്ത്യയുടെ നെടുംതൂണായത്. മിതാലി തന്നെയാണ് പ്ലെയർ ഒഫ് ദ മാച്ച്.

54*
(48 ബാൾ)
6 ഫോർ, 1 സിക്സ്
മിതാലിയുടെ ട്വന്റി-20 കരിയറിലെ 11-ാം അർദ്ധ സെഞ്ച്വറിയാണിത്.

ചെൽസിക്കായി ഇരട്ടഗോൾ നേടിയ ഹസാർഡ്

ചെൽസി വിലസി

ലണ്ടൻ: ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ നിലവിലെ ചാമ്പ്യൻമാരായ ചെൽസി വിജയ വഴിയിൽ തിരിച്ചെത്തി. ഇന്നലെ സ്വന്തം തട്ടകമായ സ്റ്റാംഫോർഡ് ബ്രിഡ്ജിൽ നടന്ന മത്സരത്തിൽ മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് വെസ്റ്റ് ബ്രോംവിച്ച് ആൽബിയോണിനെയാണ് ചെൽസി തകർത്തത്. ഇരട്ടഗോളുമായി കളം നിറഞ്ഞ ബൽജിയൻ പ്ലേമേക്കർ ഏദൻ ഹസാർഡാണ് ചെൽസിയുടെ വിജയ ശില്പി. വിക്ടർ മോസസും ചെൽസിക്കായി ഗോൾ നേടി. ജയത്തോടെ ചെൽസി 27 മത്സരങ്ങളിൽ നിന്ന് 53 പോയിന്റുമായി നാലാം സ്ഥാനത്തേക്ക് കയറി. 25, 71 മിനിറ്റുകളിലായിരുന്നു ഹസാർഡിന്റെ ഗോളുകൾ പിറന്നത്. 63-ാം മിനിറ്റിലാണ് മോസസ് വെസ്റ്റ് ബ്രോംവിച്ചിന്റെ വലകുലുക്കിയത്. ലിവർപൂളിൽ നിന്ന് ലോണിൽ വെസ്റ്റ് ബ്രോംവിച്ചിലെത്തിയ ഡാനിയൽ സ്റ്റുറിഡ്ജ് പരിക്ക് മൂലം മത്സരത്തിനിടെ പിൻമാറിയതും സന്ദർശകർക്ക് തിരിച്ചടിയായി.

റയൽ ബെറ്റിസിന് ജയം

മാഡ്രിഡ്: സ്പാനിഷ് ലാലിഗയിൽ ഇന്നലെ നടന്ന മത്സരത്തിൽ റയൽ ബെറ്റിസ് ഏകപക്ഷീയമായ ഒരുഗോളിന് ഡിപോർട്ടിവോ ലാ കൊരുണയെ കീഴടക്കി. ഡിപോർട്ടിവോയുടെ തട്ടകത്തിൽ നടന്ന മത്സരത്തിൽ 54-ാം മിനിറ്റിൽ ലോറൻ മോറോണാണ് ബെറ്റിസിന്റെ വിജയഗോൾ നേടിയത്. പോയിന്റ് ടേബിളിൽ ബെറ്റിസ് എട്ടാമതും തരംതാഴ്ത്തൽ ഭീഷണി നേരിടുന്ന ഡിപോർട്ടിവോ പതിനേഴാമതുമാണ്.

ഈസ്റ്റ് ബംഗാളിനെ ലോബോ രക്ഷിച്ചു

ലുധിയാന: ഐ ലീഗ് ഫുട്ബാളിൽ ഇന്നലെ നടന്ന മത്സരത്തിൽ പോയിന്റ് ടേബിളിൽ ഒന്നാം സ്ഥാനത്തുള്ള മിനർവ പഞ്ചാബിനെ ഏകപക്ഷീയമായ ഒരു ഗോളിന് തോൽപ്പിച്ച് ഈസ്റ്റ് ബംഗാൾ കിരീട പ്രതീക്ഷ നിലനിറുത്തി. മത്സരത്തിന്റെ 60-ാം മിനിറ്റിൽ കാവിൻ ലോബോയാണ് ഈസ്റ്റ് ബംഗാളിന്റെ വിജയഗോൾ നേടിയത്. 14 മത്സരങ്ങളിൽ നിന്ന് 26 പോയിന്റുള്ള ഈസ്റ്റ് ബംഗാൾ പോയിന്റ് ടേബിളിൽ മൂന്നാം സ്ഥാനത്താണ്. ഇത്രയും മത്സരങ്ങളിൽ നിന്ന് 29 പോയിന്റോണ് ഒന്നാം സ്ഥാനത്തുള്ള മിനർവയ്ക്കുള്ളത്. 15 മത്സരങ്ങളിൽ നിന്ന് 28 പോയിന്റുമായി നെറോക്കയാണ് രണ്ടാം സ്ഥാനത്ത്.

സൂപ്പർ പോര്

മാഡ്രിഡ്: യൂറോപ്യൻ ചാമ്പ്യൻസ് ലീഗ് നോക്കൗട്ട് റൗണ്ടിൽ ഇന്ന് സൂപ്പർ പോരാട്ടങ്ങൾ. ഫുട്ബാൾ ലോകം കണ്ണുനട്ട് കാത്തിരിക്കുന്ന റയൽ മാഡ്രിഡും പാരിസ് സെയിന്റ് ജെർമ്മെയിനും തമ്മിലുള്ള പോരാട്ടമാണ് അതിൽ ഹൈലൈറ്റ്. മറ്റൊരു മത്സരത്തിൽ ഇംഗ്ലീഷ് ക്ലബ് ലിവർപൂൾ പോർച്ചുഗീസ് വമ്പൻമാരായ എഫ്.സി പോർട്ടോയെ നേരിടും. രണ്ട് മത്സരവും ഇന്ത്യൻ സമയം രാത്രി 1.15 മുതലാണ്.

റയൽ മാഡ്രിഡ് Vs പി.എസ്.ജി

വേദി: റയലിന്റെ മൈതാനമായ സാന്റിയാഗോ ബർണബ്യൂ.
ടി വി ലൈവ്: സോണി ടെൻ 2 എച്ച്.ഡി, എസ്.ഡി.

■ഇതുവരെ ആറ് തവണ ഇരുടീമും മുഖാമുഖം വന്നിട്ടുണ്ട്. ഇതിൽ 2 എണ്ണത്തിൽ വീതം ഇരുവരും ജയിച്ചപ്പോൾ 2 എണ്ണം സമനിലയായി.
■യൂറോപ്യൻ പോരാട്ടങ്ങളിൽ കഴിഞ്ഞ 17 മത്സരങ്ങളിൽ സ്വന്തം തട്ടകത്തിൽ റയൽ മാഡ്രിഡ് തോൽവി അറിഞ്ഞിട്ടില്ല.
■ഗ്രൂപ്പ് ഘട്ടത്തിൽ 25 ഗോളുകളാണ് പി.എസ്.ജി എതിർവലയിൽ നിക്ഷേപിച്ചത്.
■തുടർച്ചയായ മൂന്നാം ചാമ്പ്യൻസ് ലീഗ് കിരീടമാണ് റയൽ മാഡ്രിഡ് ലക്ഷ്യമിടുന്നത്. പി.എസ്.ജി ആദ്യത്തേതും.
■ബാഴ്സലോണയിൽ നിന്ന് ലോകറെക്കാഡ്തുകയ്ക്ക് പി.എസ്.ജിയിൽ എത്തിയ ബ്രസീലിയൻ സൂപ്പർതാരം നെയ്മർ റയലിലേക്ക് ചേക്കേറിയേക്കുമെന്ന അഭ്യൂഹങ്ങൾ പടരുന്നതിനിടെയാണ് ഇരുടീമും മുഖാമുഖം വരുന്നതെന്ന പ്രത്യേകതയും ഇന്നത്തെ മത്സരത്തിനുണ്ട്.
■വിലക്ക് നേരിടുന്ന ഡാനി കാർവജാലും പരിക്കേറ്റ ജീസസ് വല്ലേജോയും മാഡ്രിഡ് നിരയിൽ ഇന്നുണ്ടാകില്ല.
■പരിക്കിന്റെ പിടിയിലായ ഒന്നാം നമ്പർ ഗോളി കെവിൻ ട്രാപ്പ് പി.എസ്.ജിക്കായി ഇന്ന് കളിക്കില്ലെന്ന് ഉറപ്പായി. എഡിസൺ കവാനി, തിയാഗോ മോട്ട എന്നിവരുടെ കാര്യവും സംശയത്തിൽ.
■റൊണാൾഡോ, ബെയ്ൽ, ബെൻസേമ സഖ്യത്തിൽ റയൽ വിശ്വാസം അർപ്പിക്കുമ്പോൾ നെയ്മർ, വെരാട്ടി, കവാനി കൂട്ടുകെട്ടിലാണ് പി.എസ്.ജിയുടെ പ്രതീക്ഷ.

പോർട്ടോ - ലിവർപൂൾ

വേദി: പോർട്ടോയുടെ മൈതാനമായ എസ്റ്റോഡിയോ ഡോ ഡ്രാഗോയിൽ
ടി വി ലൈവ്: സോണി സിക്സ് എച്ച്.ഡി, എസ്.ഡി

■ഇതുവരെ മുഖാമുഖം വന്ന 4 മത്സരങ്ങളിൽ രണ്ടിലും ലിവർപൂൾ ജയിച്ചു. രണ്ടെണ്ണം സമനിലയായി.
■വിലക്ക് നേരിടുന്ന പോർട്ടോയുടെ ഫിലിപ്പെയും ലിവർപൂളിന്റെ എംറേ കാനും ഇന്ന് കളിക്കില്ല.
■ലിവർപൂൾ 5 തവണയും പോർട്ടോ 2 തവണയും യൂറോപ്യൻ ചാമ്പ്യൻമാരായിട്ടുണ്ട്.